**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 158** **29-07-2021 - ൽ മറുപടിയ്ക്ക്**

**ചെറുകിട ജലവൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; ഇത്തരം പദ്ധതികളിലൂടെ എത്ര യൂണിറ്റ് വൈദ്യുതിയാണ് അധികമായി ഉത്പാദിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ആകെ 167.5 മെഗാവാട്ട് സ്ഥാപിത ശേഷിയും 456.591 Mu വാർഷിക വൈദ്യുതോൽപാദനവും ലക്ഷ്യമാക്കി 17 ചെറുകിട ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി.എൽ നടപ്പാക്കി വരുന്നു. ഇവയിൽ ആകെ 93.5 മെഗാവാട്ട് സ്ഥാപിത ശേഷിയും 274.73 Mu വാർഷിക വൈദ്യുതോൽപാദനവുമുള്ള 7 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ശേഷിക്കുന്ന 10 ചെറുകിട ജലവൈദ്യുത പദ്ധതികൾ ആകെ 74 മെഗാവാട്ട് സ്ഥാപിത ശേഷിയും 181.861 Mu വാർഷിക വൈദ്യുതോൽപാദനവും ഉള്ളവയുമാണ്. ഇവയുടെ നിർമ്മാണം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു. എനർജി മാനേജ്മെന്റ് സെന്റർ സ്വകാര്യ സംരംഭകർ വഴി ബൂട്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച് സർക്കാരിനു വേണ്ടി അനുവദിച്ച് നൽകിയ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുൾപ്പടെ മൊത്തം 45.66 MW സ്ഥാപിതശേഷിയുള്ള ചെറുകിട ജല വൈദ്യുത പദ്ധതികൾ പൂർത്തിയാക്കി. 2013-ൽ അനുവദിച്ച് നൽകിയ 11 പദ്ധതികളിലൂടെയായി 50.4 MW ശേഷിയുള്ള പദ്ധതികളും 2017-ൽ അനുവദിച്ച് 2021-ൽ എഗ്രിമെന്റിനുവേണ്ടി തയ്യാറായ 20 പദ്ധതികളിൽ നിന്നായി 47.4 MW പദ്ധതികൾ നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി എനർജി മാനേജ്മെന്റ് സെന്റർ കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | 2003 മുതൽ ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സർക്കാരിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികൾ മത്സര ദർഘാസ്/ബൂട്ട് |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ വിവിധ സ്വകാര്യ സംരംഭകർക്ക് CAPTIVE POWER PROJECTS (CPP), INDEPENDENT POWER PROJECTS (IPP) ആയി അനുവദിച്ച് നൽകിയിട്ടുണ്ട്. 2012-ൽ ചെറുകിട ജലവൈദ്യുത പദ്ധതി നയം രൂപീകരിച്ചു. അനുപ്രകാരം 2013 മുതൽ പദ്ധതി അലോട്ട്മെന്റ് നടന്നുവരുന്നു. |
| (സി) | പ്രസ്തുത സംരംഭങ്ങളിൽ സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (സി) | സ്വകാര്യ സംരംഭകരെയും കൂടി ഉൾപ്പെടുത്തിയാണ് 2012-ലെ ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം സർക്കാർ പദ്ധതികൾ അനുവദിച്ച് നൽകുന്നത്. ഇതുവരെ 56 പദ്ധതികളിൽ നിന്നായി 211.4 MW ശേഷിയുള്ള പദ്ധതികൾ അനുവദിച്ച് നൽകി അതിൽ 42.5 MW സ്ഥാപിതശേഷിയുള്ള പദ്ധതികൾ പണി പൂർത്തിയാക്കി ഗ്രിഡിൽ കണക്ട് ചെയ്തു. 4.5 മെഗാവാട്ടിന്റെ അരിപ്പാറ പദ്ധതിക്ക് സെപ്റ്റംബറോട്ടു കൂടി COMMERCIAL OPERATION DATE (COD) ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

(I) നിർമ്മാണം നടക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | വാർഷിക ഉൽപാദനം (Mu) |
|---|---|---|---|
| 1 | ഭൂതത്താൻ കെട്ട് | 24 | 83.5 |
| 2 | പൊരിങ്ങൽക്കുത്ത് | 24 | 45.02 |
| 3 | അപ്പർ കല്ലാർ | 2 | 5.14 |
| 4 | ചാത്തൻകോട്ടുനട സ്റ്റേജ് II | 6 | 14.76 |
| 5 | പെരുവണ്ണാമൂഴി | 6 | 24.70 |
| 6 | പഴശ്ശി സാഗർ | 7.5 | 25.16 |
| 7 | ചിന്നാർ സ്റ്റേജ് I | 24 | 76.45 |
| | | 93.5 MW | 274.73 Mu |

(II) നിർമ്മാണം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | വാർഷിക ഉൽപാദനം (Mu) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ആനക്കയം | 7.5 | 22.83 | ടെണ്ടർ ക്ഷണിച്ചു |
| 2 | ഓലിക്കൽ | 5 | 10.26 | ടെണ്ടറുകളുടെ മൂല്യനിർണ്ണയം നടക്കുന്നു. |
| 3 | പൂവാരംതോട് | 3 | 5.88 | ,, |
| 4 | മരിപ്പുഴ | 6 | 14.84 | ,, |
| 5 | അപ്പർ ശെങ്കുളം | 24 | 53.22 | സ്ഥലം ഏറ്റെടുക്കൽ നടപടി നടന്നു വരുന്നു |
| 6 | ലാഡ്രം | 3.5 | 12.13 | ,, |
| 7 | മാർമല | 7 | 23.02 | ,, |
| 8 | വാലന്തോട് | 7.5 | 15.291 | ,, |
| 9 | ചെമ്പുകടവ് സ്റ്റേജ് III | 7.5 | 16.65 | ,, |
| 10 | പീച്ചാട് | 3 | 7.74 | ,, |
| | | 74 MW | 181.861 Mu | |

**ആകെ I & II 167.5 MW 456.591 Mu**

**====== ========**

**sd/-**

**സെക്ഷൻ ഓഫീസർ**

## വിശദീകരണക്കുറിപ്പ് 158*

**ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി (24 MW/83.5 Mu)**

പെരിയാർ നദീതടത്തിലെ 24 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. പെരിയാർവാലി ഇറിഗേഷൻ പദ്ധതിയുടെ കീഴിലുള്ള ഭൂതത്താൻകെട്ട് ഡാമിലെ അധികജലം ഉപയോഗിച്ചുള്ള വൈദ്യുതി ഉത്പാദനമാണ് ലക്ഷ്യമിടുന്നത്. മൺസൂൺ കാലയളവിൽ ഇവിടെ സംഭരിക്കുന്ന ജലം ഏകദേശം 300 മീറ്റർ നീളവും 28 മീറ്റർ വീതിയുമുള്ള കനാലിലൂടെ ഒഴുക്കി 8 മെഗാവാട്ട് വീതം സ്ഥാപിതശേഷിയുള്ള 3 ബൾബ് ടർബൈനുകളിലെത്തിച്ച് 24 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ച ശേഷം ടെയിൽ റേയ്സ് വഴി പെരിയാറിലേക്കു തന്നെ ഒഴുക്കി വിടുന്നു. ഈ പദ്ധതിയിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി 110 കെ.വി ലൈനിലൂടെ വിതരണ ശൃംഖലയിലെത്തിക്കുന്നു. പദ്ധതിയുടെ സിവിൽ കോൺട്രാക്ടർ - ശ്രീ ശരവണ എഞ്ചിനീയറിംഗ് ഭവാനി പ്രൈവറ്റ് ലിമിറ്റഡ് – ആർ.പി.പി ഇൻഫ്രാ പ്രോജക്ട് ലിമിറ്റഡ് ജോയന്റ് വെൻചർ, തമിഴ്നാട്, ഇലക്ട്രോമെക്കാനിക്കൽ കോൺട്രാക്ടർ - ശ്രീ ശരവണ എഞ്ചിനീയറിംഗ് ഭവാനി പ്രൈവറ്റ് ലിമിറ്റഡ് – ഹുനാൻ ഷയോങ് ജനറേറ്റിംഗ് ഇക്യുപ്മെന്റ്സ് കമ്പനി ലിമിറ്റഡ് – കൺസോർഷ്യം, തമിഴ്നാട്.

ഈ പദ്ധതിയുടെ സിവിൽ ജോലികളുടെ പുതുക്കിയ കരാർ തുക 1,08,04,13,530/- രൂപയും ഇലക്ട്രോമെക്കാനിക്കൽ ജോലികളുടെ കരാർ തുക 81,80,01,000/- രൂപയും ആണ്. സിവിൽ ജോലിയുടെ പുരോഗതി 99.20 % ഇലക്ട്രോമെക്കാനിക്കൽ ജോലിയുടെ പുരോഗതി 86.61 % ആണ്. പദ്ധതിയുടെ ആകെ പുരോഗതി 93.78 %. ഈ പദ്ധതി പൂർത്തീകരിക്കുവാൻ ആവശ്യമായ മേഷീനുകൾ വിദേശത്തു നിന്നും എത്തിക്കേണ്ടതിനാലും കരാറുകാരന്റെ ചില ആവശ്യങ്ങൾ കോടതിയുടെ പരിഗണനയിലായതിനാലും ടർബൈനുകൾ എത്തിക്കുന്നത് സംബന്ധിച്ചുള്ള അന്തിമ തീരുമാനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

**അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതി (2 MW/5.14 Mu)**

2 മെഗാവാട്ട് സ്ഥാപിതശേഷിയും 5.14 ദശലക്ഷം യൂണിറ്റ് വാർഷികോല്പാദനവും പ്രതീക്ഷിക്കുന്ന ഈ പദ്ധതി ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ ആനവിരട്ടി വില്ലേജിലാണ്. പൂയംകുട്ടി വൃഷ്ടി പ്രദേശത്ത് സ്ഥിതിചെയ്യുന്ന 28.5 $Km^2$ വിസ്തൃതിയുള്ള കല്ലാറിലെ ജലം നേര്യമംഗലം പവ്വർഹൗസിലേക്ക് എത്തിക്കുന്നതിന് വിരിപ്പാറയിൽ ഒരു തടയണയും 556 മീറ്റർ നീളമുള്ള ഒരു ടണലും ഇപ്പോൾ നിലവിലുണ്ട്. നിലവിലുള്ള ഈ ടണലിൽ 3.3 മീറ്റർ നീളവും 1 മീറ്റർ പൊക്കവുമുള്ള ഒരു തടയണ നിർമ്മിച്ച് 48 മീറ്റർ നീളവും 2.5 മീറ്റർ വ്യാസവുമുള്ള D ആകൃതിയിലുള്ള മറ്റൊരു ടണൽ വഴി ജലം തിരിച്ചു വിട്ട് 221.96 മീറ്റർ നീളവും 1.2 മീറ്റർ വ്യാസവുമുള്ള ഉരുക്ക് പൈപ്പിലൂടെ 25.18 മീറ്റർ X 13.75 മീറ്റർ വിസ്തൃതിയിലുള്ള പവർഹൗസിൽ എത്തിച്ച് വൈദ്യുതോല്പാദനം നടത്തുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2 മെഗാവാട്ട്, 5.14 ദശലക്ഷം യൂണിറ്റ് വാർഷികോല്പാദനം ലക്ഷ്യമിടുന്ന ഈ പദ്ധതിക്ക് 1 മെഗാവാട്ട് വീതം ശേഷിയുള്ള രണ്ട് ഫ്രാൻസിസ് ടർബൈനുകളാണ് സ്ഥാപിച്ചിരിക്കുന്നത്.

08.06.2015-ലെ ബോർഡുത്തരവ് CPWD SOR 2014 പ്രകാരം ഈ പദ്ധതിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. രണ്ട് വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന പദ്ധതിക്ക് 1.5521 ഹെക്ടർ ഭൂമി ആവശ്യമായിരുന്നു. ഇതിൽ 1.0086 ഹെക്ടർ സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി കെ.എസ്.ഇ.ബി.എൽ.-

ന്റെ പേരിൽ 17.01.2013-ൽ രജിസ്റ്റർ ചെയ്തു. ബാക്കി 0.2082 ഹെക്ടർ റവന്യൂ ഭൂമിയും 0.3353 ഹെക്ടർ പുറമ്പോക്ക് ഭൂമിയും ഇപ്പോൾ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലാണ്. 2015 നവംബർ മാസം 27- ാം തീയതി ഈ പദ്ധതിയുടെ ദർഘാസുകൾ ക്ഷണിക്കുകയും പദ്ധതിയുടെ നിർമ്മാണ കരാർ ഉടമ്പടി No. 3/CECC/2016-17 dated 06.08.2016 പ്രകാരം Powermech-Pentaflow-Hydro Magus SEW Consortium – ന് 15.24 കോടി രൂപയ്ക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ അഡിറ്റ് ടണലിന്റെയും ഫോർബെയുടെയും ജോലികൾ 100 ശതമാനവും ബ്രാഞ്ച് ടണലിന്റെ 98 ശതമാനവും പൂർത്തിയായിട്ടുണ്ട്. ചെറിയ തടയണയുടെ ജോലികൾ ടണലിൽ ബാക്കിയുണ്ട്. വിരിപ്പാറ തടയണയുടെ സംഭരണശേഷി കൂട്ടുന്നതിനുള്ള ജോലികൾ 45 ശതമാനവും പവർഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 95 ശതമാനവും പൂർത്തിയായിട്ടുണ്ട്.

പെൻസ്റ്റോക്കിന്റെ നിർമ്മാണം പൈൽ അസ്ഥിവാരത്തിൽ ആകണമെന്നതിനാൽ ഇതിന്റെ കരാർ പാൻപസഫിക് എന്ന കമ്പനിയ്ക്ക് നൽകുകയും പൈൽ നിർമ്മാണം 100% പൂർത്തീകരിക്കുകയും ചെയ്തു.

ഈ പദ്ധതിയുടെ സിവിൽ ജോലികളുടെ നിലവിലെ പുരോഗതി 89.20%വും സാമ്പത്തിക പുരോഗതി 76.80% വുമാണ്.

പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ.-ന്റെ വിദഗ്ദ ഉപദേശക സമിതിയായ പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി നിശ്ചിത ഇടവേളകളിൽ കൃത്യമായി വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുകയും ചെയ്തു വരുന്നു.

പ്രളയവും കോവിഡ്-19 ഉം കാരണം മന്ദഗതിയിലായ നിർമ്മാണ പ്രവർത്തനങ്ങൾ ആഗസ്റ്റ് 2021-ൽ പൂർത്തീകരിക്കുന്നതിനു വേണ്ടി യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിച്ചു വരുന്നു.

(1) പൊരിങ്ങൽക്കുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി

തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ പൊരിങ്ങൽക്കുത്ത് എന്ന സ്ഥലത്താണ് ഈ പദ്ധതി പണി പൂർത്തിയാകുന്നത്. 24 മെഗാവാട്ട് കപ്പാസിറ്റിയുടെ ഈ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന വാർഷിക ഊർജ്ജ ഉത്പാദനം 45.02 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ്. പദ്ധതിയുടെ 95.54% പൂർത്തിയായിട്ടുണ്ട്.30.06.2022-ൽ പദ്ധതി പൂർണ്ണതോതിൽ പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

(2) ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതി (ഒന്നാം ഘട്ടം)

ഇടുക്കി ജില്ലയിലെ ഇടുക്കി താലൂക്കിൽ, കൊന്നത്തടി, വാത്തിക്കുടി വില്ലേജുകളിലേക്ക് വിഭാവനം ചെയ്തിരിക്കുന്നു. 24 മെഗാവാട്ട് കപ്പാസിറ്റിയുള്ള ഈ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന വാർഷിക ഊർജ്ജോൽപ്പാദനം 76.45 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ്. ഇതുവരെ 73.67% നിർമ്മാണ പുരോഗതി ആയിട്ടുണ്ട്. 4 വർഷത്തെ കാലാവധിയുള്ള പദ്ധതിയുടെ പൂർത്തീകരണ തീയതി 18.03.2022 ആണ്.

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി | വാർഷിക ഉൽപാദന ശേഷി | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ചാത്തൻകോട്ടുനട (രണ്ടാം ഘട്ടം) കോഴിക്കോട് ജില്ല | 6 MW | 14.76 Mu | പദ്ധതിയുടെ ഒരു മെഷീൻ 20.02.2021 ന് കമ്മീഷൻ ചെയ്തു. 21.06.2021 മുതൽ വൈദ്യുതോല്പാദനം പൂർണ്ണതോതിൽ ആരംഭിച്ചു. |
| 2 | പെരുവണ്ണാമൂഴി കോഴിക്കോട് ജില്ല | 6 MW | 24.7 Mu | 53% സിവിൽ ജോലികൾ പൂർത്തിയായിട്ടുണ്ട്. 2023 മാർച്ച് മാസത്തിൽ കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്നു. |
| 3 | പഴശ്ശി സാഗർ കണ്ണൂർ ജില്ല | 7.5 MW | 25.1 Mu | 31 % സിവിൽ ജോലികൾ പൂർത്തിയായിട്ടുണ്ട്. നിർമ്മാണം പുരോഗമിക്കുന്നു. 2023 ഫെബ്രുവരി മാസത്തിൽ കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്നു. |

സ്വകാര്യമേഖലയുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ 2012-ൽ ചെറുകിട ജലവൈദ്യുതി പദ്ധതി നയം രൂപീകരിച്ചു. ഈ നയം പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് മത്സര പദ്ധതികളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് മത്സര ദർഘാസ്/ബൂട്ട് അടിസ്ഥാനത്തിൽ പദ്ധതികൾ അനുവദിച്ചു നൽകിയിട്ടുണ്ട്. അതോടൊപ്പം സ്വകാര്യ സംരംഭകരുടെ സ്വന്തം ഭൂമിയിൽ ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിലേക്കായിട്ടുള്ള അവസരങ്ങളും സർക്കാർ നൽകി വരുന്നു.

2003 മുതൽ ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സർക്കാരിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികൾ മത്സര ദർഘാസ്/ബൂട്ട് അടിസ്ഥാനത്തിൽ വിവിധ സ്വകാര്യ സംരംഭകർക്ക് CAPTIVE POWER PROJECTS (CPP), INDEPENDENT POWER PROJECTS (IPP) ആയി അനുവദിച്ച് നൽകിയിട്ടുണ്ട്. സർക്കാർ 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയം പ്രകാരം 2014-15 കാലയളവിൽ 110 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 25 (CPP & IPP) ചെറുകിട പദ്ധതികളും, 2016-17 കാലയളവിൽ 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതിയും സർക്കാർ നൽകിയിരുന്നു. ഇത്തരം ചെറുകിട ജലവൈദ്യുത പദ്ധതികളെ വികസിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തെ ഊർജ്ജ ലഭ്യത ഒരു പരിധിവരെ വർദ്ധിപ്പിക്കാമെന്ന് കരുതുന്നു. ഉള്ളുങ്കൽ (7 MW), ഇരുട്ടുകാനം I&II (4.5 MW), മാങ്കുളം (0.11 MW), കാരിക്കയം I&II (15 MW), പാതങ്കയം (8 MW), എന്നീ പദ്ധതികൾ നടപ്പിലാക്കുകയും ആനക്കാംപോയിൽ പദ്ധതി (8 MW) നിർമ്മാണം പൂർത്തിയായി COD ലഭിക്കുന്നതിനായി തയ്യാറെടുത്തിരിക്കുകയുമാണ്. പദ്ധതി നിർമ്മാണം പൂർത്തിയാക്കിയ 4.5 MW അരിപ്പാറ പദ്ധതി സെപ്റ്റംബറോട്ടു കൂടി

കമ്മിഷനാകുമെന്ന് കരുതുന്നു. ഇവ കൂടാതെ പാലക്കാട് ജില്ലാ പഞ്ചായത്തിന് അനുവദിച്ച് നൽകിയ മീൻവല്ലം പദ്ധതി (3 MW) യും പൂർത്തിയാക്കിയിട്ടുണ്ട്. അത്തരത്തിൽ മൊത്തമായി 45.66 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതികൾ നിർമ്മാണം പൂർത്തിയാക്കി.2003 മുതൽ സ്വകാര്യ സംരംഭകർക്ക് അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| നമ്പർ | SHP പ്രോജക്ട് | ജില്ല | സ്ഥാപിത ശേഷി | കമ്പനി | അനുവദിച്ച വർഷം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1. | ഇരുട്ടുകാനം | ഇടുക്കി | 3 | വിയ്യാട്ട് പവർ പ്രൈവറ്റ് ലിമിറ്റഡ് | 2003 | കമ്മീഷൻ ചെയ്തു |
| 2. | കാരിക്കയം | പത്തനംതിട്ട | 15 | അയ്യപ്പ ഹൈഡ്രോ പവർ ലിമിറ്റഡ് | 2003 | കമ്മീഷൻ ചെയ്തു |
| 3. | ഉള്ളുങ്കൽ | പത്തനംതിട്ട | 7 | ഇ ഡി സി എൽ പവർ പ്രോജെക്ട്സ് ലിമിറ്റഡ് | 2003 | കമ്മീഷൻ ചെയ്തു |
| 4. | പതൻകയം | കോഴിക്കോട് | 4.00 | മിനാർ അലോയിസ് ആന്റ് ഫോർജിംഗ് പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട് | 2013 | കമ്മീഷൻ ചെയ്തു |
| 5. | അരിപ്പാറ | കോഴിക്കോട് | 3 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ | 2013 | COD 2021 സെപ്റ്റംബറിൽ പ്രതീക്ഷിക്കുന്നു |
| 6. | അനക്കാംപോയിൽ | കോഴിക്കോട് | 8 | മിനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് | 2013 | കമ്മീഷൻ ചെയ്തു |
| 7. | മാങ്കുളം | ഇടുക്കി | 0.11 | മാങ്കുളം പഞ്ചായത്ത് | 2002 | കമ്മീഷൻ ചെയ്തു |

| | | | | | | |
|---|---|---|---|---|---|---|
| 8. | മീൻവല്ലം | പാലക്കാട് | 3 | പാലക്കാട് ജില്ലാ പഞ്ചായത്ത് | 2000 ന് മുമ്പ് | കമ്മീഷൻ ചെയ്തു |
| 9. | അടയ്ക്കാതോട് | കണ്ണൂർ | 2.50 | ശ്രീ.ശരവണ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, തുവക്കുടി, ട്രിച്ചി. | 2013 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 10. | ആനയ്ക്കൽ | കോട്ടയം | 2.00 | ആങ്കർ സ്ട്രക്ച്ചറൽസ്, കോലഞ്ചേരി. | 2013 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 11. | ഇഞ്ചവരകുത്ത് | ഇടുക്കി | 3.00 | കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്, കളമശ്ശേരി, എറണാകുളം | 2013 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 12. | കീഴാർകുത്ത് | ഇടുക്കി | 15 | ജനറൽ മെക്കാനിക്കൽ വർക്ക് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ. | 2013 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 13. | കോഴിയിളകുത്ത് | ഇടുക്കി | 1.00 | എ.ബി.ജി. ഇഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവല്ല. | 2013 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 14. | ലോവർ മർമല | കോട്ടയം | 0.90 | നേച്ചപാടം കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി. | 2013 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 15. | മുത്തപ്പൻപുഴ | കോഴിക്കോട് | 1.50 | മീനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് | 2013 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 16. | പനംകുടന്ത | പത്തനംതിട്ട | 0.50 | എ.ബി.ജി എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, | 2013 | പദ്ധതി പ്രവർത്തനം മുന്നോട്ട് |

| | | | | | | |
|---|---|---|---|---|---|---|
| | | | | തിരുവല്ല. | | പോകുന്നു |
| 17. | തോണിയാർ | എറണാകുളം | 2.60 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ | 2013 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 18. | ുവൽ | ഇടുക്കി | 1.00 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ | 2013 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 19. | ആറ്റലെ I | പാലക്കാട് | 6.00 | ശ്രീ ടി കെ സുന്ദരേശൻ | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 20. | ആറ്റലെ II | പാലക്കാട് | 6.00 | മിനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 21. | ബാലൻതോട് | ഇടുക്കി /എറണാകുളം | 0.25 | ശ്രീ വൈ സ്ലീബാച്ചൻ | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 22. | ചെറുപുഴ മിനി HEP | മലപ്പുറം | 0.6 | ശ്രീ പി.റ്റി മാത്യു | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 23. | ഇടത്തനാൽകുത്ത് | ഇടുക്കി /എറണാകുളം | 0.5 | ശ്രീ വൈ സ്ലീബാച്ചൻ | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 24. | ഫർലോങ്ങ്കര | കണ്ണൂർ | 0.35 | ആനപ്പുറം സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പോകുന്നു |
| 25. | കക്കടാംപോയിൽ II | കോഴിക്കോട് | 11.00 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 26. | കാങ്ങപ്പുഴ | ഇടുക്കി | 0.75 | ശ്രീ വൈ സ്ലീബാച്ചൻ | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 27. | കാഞ്ഞിരപ്പുഴ | പാലക്കാട് | 1.00 | മിനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 28. | കിള്ളിക്കല്ല് | കോഴിക്കോട് | 3.00 | മിനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 29. | കുളിരാമുട്ടി | കോഴിക്കോട് | 3.00 | മിനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 30. | മന്തൻപൊട്ടി | പാലക്കാട് | 3.00 | കെ വി എം എനർജി പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 31. | മുള്ളരിങ്ങാട് | ഇടുക്കി? എറണാകുളം | 0.15 | ശ്രീ വൈ സ്ലീബാച്ചൻ | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 32. | ഓനിപ്പുഴ | കോഴിക്കോട് | 1.5 | ആനപ്പുറം സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പോകുന്നു |
| 33. | പഴുക്കക്കാനം | കോട്ടയം/ഇടുക്കി | 2.00 | വിയ്യാട്ട് പവർ പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 34. | പേരുവ | കണ്ണൂർ | 2.00 | ആനപ്പാറ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 35. | പൊട്ടൻതോട് – I | കണ്ണൂർ | 0.8 | ശ്രീ പി.റ്റി മാത്യു | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 36. | തിപ്പിലിക്കയം | പാലക്കാട് | 1.5 | ശ്രീ പി.റ്റി മാത്യു | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 37. | ഉറുട്ടിപ്പുഴ | കണ്ണൂർ | 1.00 | ആനപ്പാറ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 38. | വാലൻതോട് – II | മലപ്പുറം | 3.00 | കെ വി എം എനർജി പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 39. | വെള്ളക്കയം | ഇടുക്കി | 0.09 | ശ്രീ വൈ സ്ലീബാച്ചൻ | 2019 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 40. | മുക്കുടം | ഇടുക്കി | 4 | മുക്കുടം ഇലക്ട്രോ എനർജി പ്രൈവറ്റ് ലിമിറ്റഡ് | 2021 | പദ്ധതി പ്രവർത്തനം മുന്നോട്ട് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പോകുന്നു |
| 41. | കുടം | പാലക്കാട് | 4.5 | പാലക്കാട് ജില്ലാ പഞ്ചായത്ത് | 2012 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 42. | ചെമ്പുകട്ടി | പാലക്കാട് | 3 | പാലക്കാട് ജില്ലാ പഞ്ചായത്ത് | 2012 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 43. | അലാംപരതോട് | കോഴിക്കോട് | 3 | ശ്രീശക്തി പേപ്പർ മിൽ ലിമിറ്റഡ് | 2003 | ക്യാൻസൽ ചെയ്തു |
| 44. | കുരുമ്പെട്ടി | പത്തനംതിട്ട | 3 | പാർക്സൺ എസ്റ്റേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | 2003 | ക്യാൻസലേഷൻ സർക്കാരിന്റെ പരിഗണനയിൽ |
| 45. | ലോവർ വട്ടപ്പാറ | പാലക്കാട് | 3.5 | പാർക്സൺ എസ്റ്റേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | 2003 | ക്യാൻസലേഷൻ സർക്കാരിന്റെ പരിഗണനയിൽ |
| 46. | മുക്കുട്ടതോട് | കണ്ണൂർ | 3 | ശ്രീശക്തി പേപ്പർ മിൽ ലിമിറ്റഡ് | 2003 | ക്യാൻസൽ ചെയ്തു |
| 47. | പാൽചുരം | കണ്ണൂർ/വയനാട് | 3.5 | ശ്രീശക്തി പേപ്പർ മിൽ ലിമിറ്റഡ് | 2003 | ക്യാൻസൽ ചെയ്തു |

| | | | | | | |
|---|---|---|---|---|---|---|
| 48. | ളുവല്ലാർ | ഇടുക്കി | 4 | ബിനാനി സിങ്ക് ലിമിറ്റഡ് | 2003 | ക്യാൻസൽ ചെയ്തു |
| 49. | അപ്പർ പൊരിങ്ങൽ | തൃശ്ശൂർ | 6 | പാർക്സൺ എസ്റ്റേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | 2003 | ക്യാൻസൽ ചെയ്തു |
| 50. | അപ്പർ വട്ടപ്പാറ | പാലക്കാട് | 3 | പാർക്സൺ എസ്റ്റേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | 2003 | ക്യാൻസലേഷൻ ഗവണ്മെന്റിന്റെ പരിഗണനയിൽ |
| 51. | കൈതകൊല്ലി | വയനാട്/കണ്ണൂർ | 10.00 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ | 2013 | ക്യാൻസൽ ചെയ്തു |
| 52. | കാക്കടാംപോയിൽ എസ്1 | കോഴിക്കോട് | 21 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ | 2013 | ക്യാൻസൽ ചെയ്തു |
| 53. | കഴുത്തുരുത്തി | കൊല്ലം | 2 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ | 2013 | ക്യാൻസൽ ചെയ്തു |
| 54. | കൊക്കമുല്ല | കണ്ണൂർ | 2 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ | 2013 | ക്യാൻസൽ ചെയ്തു |
| 55. | കോഴിച്ചാൽ | കണ്ണൂർ | 0.75 | സ്വസ്തിക്ക് ഇന്ത്യ ഇഞ്ചിനീയറിംഗ് (എസ്.സി) പ്രൈവറ്റ് ലിമിറ്റഡ്, മുബൈ. | 2013 | ക്യാൻസൽ ചെയ്തു |

| | | | | | | |
|---|---|---|---|---|---|---|
| 56. | കുതിരച്ചാട്ടം | കാസർഗോഡ് | 2.00 | ശ്രീ. ശരവണ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശി. | 2013 | ക്യാൻസൽ ചെയ്തു |
| 57. | മാടത്തെരുവി(9) | പത്തനംതിട്ട | 1.00 | പി.ഇ.എം.എസ് എഞ്ചിനീയറിംഗ് കൺസൾട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ്. | 2013 | ക്യാൻസൽ ചെയ്തു |
| 58. | മാലോത്തി | കാസർകോഡ് | 2.00 | ശ്രീ. ശരവണ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശി. | 2013 | ക്യാൻസൽ ചെയ്തു |
| 59. | പൊരു ലോഹെഡ് സ്കീം | എറണാകുളം | 16.00 | ശ്രീ ശരവണാ ഇഞ്ചിനീയറിംഗ് ഭവാനി പ്രൈവറ്റ് ലിമിറ്റഡ്, തമിഴ് നാടിന് അനുവദിച്ച പദ്ധതി പ്രസ്തുത കമ്പനി പിൻമാറിയപ്പോൾ സിയാലിന് അനുവദിച്ചു. | 2013 | ക്യാൻസൽ ചെയ്തു |
| 60. | തുമ്പൂർമൂഴി | തൃശ്ശൂർ | 7.00 | കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടയിൽ ലിമിറ്റഡ്, ആലുവ. | 2013 | ക്യാൻസൽ ചെയ്തു |
| 61. | ഉറുമ്പിനി | പത്തനംതിട്ട | 2.20 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ | 2013 | ക്യാൻസൽ ചെയ്തു |